## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3464

14.10.2011-ൽ മറുപടിക്ക്.

### പ്രകൃതി വാതക പരിശീലന കേന്ദ്രം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) വ്യവസായ വകുപ്പ് സംസ്ഥാനത്ത് പ്രകൃതി വാതക പരിശീലന കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) കെ.എസ്.ഐ.ഡി.സി-യും ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും (ഗെയിൽ) ചേർന്നുള്ള സംയുക്ത സംരംഭമായ കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് പ്രകൃതി വാതക മേഖലയ്ക്കു--വേണ്ടി ഒരു പ്രകൃതി വാതക പരിശീലന കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും വിശദമാക്കാമോ ; | (ബി) പ്രകൃതി വാതക വ്യവസായ മേഖലയിൽ പരിചയ സമ്പന്നരായ തൊഴിലാളികൾ കേരളത്തിൽ ലഭ്യമല്ലാത്ത ഒരു സാഹചര്യം ഉണ്ട്. 2012 അവസാന പാദത്തോടെ കേരളത്തിൽ പ്രകൃതി വാതകം ലഭ്യമാ--കുന്ന സാഹചര്യത്തിൽ കേരളത്തിലെ ഗാർഹിക, വ്യവസായിക, വാഹന മേഖല--കളിൽ പ്രകൃതി വാതകം ഉപയോഗിച്ച് തുടങ്ങും. ഈ അവസ്ഥയിൽ പ്രകൃതി വാതക മേഖലയിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ ലഭ്യത സംസ്ഥാനത്ത് ഉറപ്പാക്കേണ്ടതുണ്ട്. ഈ ഉദ്ദേശ്യം ലക്ഷ്യമാക്കിയാണ് ഒരു പ്രകൃതി വാതക പരിശീലന കേന്ദ്രം ആരംഭിക്കാൻ പദ്ധതിയിടുന്നത്. |
| (സി) ഇതുവഴി സംസ്ഥാനത്തിന് പൊതുവായുണ്ടാകുന്ന ഗുണങ്ങൾ എന്തൊക്കെ ; | (സി) വളർന്നു വരുന്ന പ്രകൃതി വാതക മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കപ്പെടും. പ്രസ്തുത പരിശീലന കേന്ദ്രം വഴി കേരളത്തിലെ തൊഴിൽ സമൂഹത്തിനു തന്നെ വേണ്ടത്ര തൊഴിൽ; പ്രകൃതി വാതക മേഖലയിൽ കണ്ടെത്താൻ കഴിയും. ഈ പരിശീലന കേന്ദ്രം വഴി പ്രകൃതി വാതകവുമായി ബന്ധപ്പെട്ട മേഖലകളിൽ പുതിയ സംരംഭകരെ സൃഷ്ടിക്കുവാനും സാധിക്കും. |

| | |
|---|---|
| (ഡി) പരിശീലന കേന്ദ്രം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ; | (ഡി) 2012-2013 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിക്കുവാനാണ് പദ്ധതിയിടുന്നത്. |
| (ഇ) വ്യവസായ വകുപ്പ് ഏതൊക്കെ ഏജൻസികളുടെ പങ്കാളിത്തത്തോടെയാണ് പരിശീലന കേന്ദ്രം ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ ? | (ഇ) കെ.എസ്.ഐ.ഡി.സി-യും ഗെയിൽ ഗ്യാസ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരംഭമായ കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനിയായിരിക്കും പ്രകൃതി വാതക പരിശീലന കേന്ദ്രം ആരംഭിക്കുക. |

സെക്ഷൻ ഓഫീസർ